7284
24/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ-ശ്രുതി തരംഗം പദ്ധതി - 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.372/2015/സാനീവ. തീയതി, തിരുവനന്തപുരം, 16.06.2015.

====================================================================

പരാമർശം : കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.04.2015 ലെ പി2/1058/2012/കെ.എസ്. എസ്.എം നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ 5 വയസ്സുവരെ പ്രായമുള്ള മൂകരും ബധിരരുമായ കുട്ടികൾക്ക് കേൾവിശേഷിയും സംസാര ശേഷിയും ലഭിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ശ്രുതിതരംഗം പദ്ധതി. ഈ പദ്ധതിയുടെ തുടർ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(10)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ അനുവദിച്ച് കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ T.S.B A/c No. 15146-ൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകണമെന്ന് സൂചന കത്ത് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ശ്രുതിതരംഗം പദ്ധതിയുടെ നടത്തിപ്പിനായി 2015-16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(10) (പി) ശീർഷകത്തിൽ നിന്നും 10 കോടി രൂപ (പത്ത് കോടി രൂപ മാത്രം) അനുവദിക്കുന്നതിനും ടി തുക പിൻവലിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ T.S.B A/c No. 15146-ൽ നിക്ഷേപിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ.ഷാജഹാൻ

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

സാമൂഹ്യനീതി (എ) വകുപ്പ്.

✓ വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ